PH 30

# റബ്ബറിന് റെയിൻഗാർഡിങ്



റബ്ബർബോർഡ്

എഡിറ്റർ:

**എം.ജി. സതീഷ്ചന്ദ്രൻ നായർ**

അസോസ്സിയേറ്റ് എഡിറ്റർ:

**കെ.ജി. സതീശ്കുമാർ**

അസിസ്റ്റന്റ് എഡിറ്റർ:

**കെ.ജി. ഉണ്ണിക്കൃഷ്ണൻ നായർ**

**സിറിയക് സെബാസ്റ്റ്യൻ**

# റബ്ബറിന് റെയിൻഗാർഡിങ്

റബ്ബർമരത്തിന്റെ തായ്ത്തടിയിലൂടെ ഒലിച്ചിറങ്ങുന്ന മഴവെള്ളം വെട്ടുപട്ടയിലെത്തി ഉത്പാദനനഷ്ടം ഉണ്ടാകുന്നത് ഒഴിവാക്കാനായി വെട്ടുചാലിനുമുകളിലായി നിശ്ചിത ദൂരത്തിൽ, മരത്തിൽ ഉറപ്പിക്കുന്ന ചൂടൽ ആണ് റെയിൻഗാർഡ്. മഴക്കാലത്തും ടാപ്പിങ് സാദ്ധ്യമാക്കാൻ സഹായിക്കുന്ന സംവിധാനമാണിത്. എല്ലാ റബ്ബർതോട്ടവും റയിൻഗാർഡ് ചെയ്യുന്നത് ആദായകരമല്ല. റബ്ബറിന് കി.ഗ്രാമിന് മുപ്പതു രൂപ ശരാശരി വിലയുണ്ടായിരുന്നപ്പോൾ നടത്തിയ സർവ്വേഫലമനുസരിച്ച് ഹെക്ടർപ്രതി ചുരുങ്ങിയത് 675 കി.ഗ്രാമിലധികം ഉത്പാദനം ലഭിച്ചാൽ മാത്രമേ റെയിൻഗാർഡിങ് ആദായകരമാവൂ. മെയ് മുതൽ ആഗസ്റ്റ് വരെയുള്ള കാലവർഷക്കാലത്തും തുടർന്നുള്ള തുലാവർഷക്കാലത്തും റബ്ബർ മരങ്ങൾ റെയിൻഗാർഡു ചെയ്യണം. ശരിയായ സമയത്ത് റെയിൻ ഗാർഡ് ചെയ്യുന്നതുമൂലം ഏറ്റവും കുറഞ്ഞത് 15 ശതമാനമെങ്കിലും ഉത്പാദനവർദ്ധന ഉണ്ടാകുന്നതാണ്.



മിക്ക വൻകിടതോട്ടങ്ങളിലും തൊഴിലാളികൾക്കു താരതമ്യേന പണിക്കുറവുള്ള ഫെബ്രുവരി-മാർച്ചു

**ഏപ്രിൽ/മെയ് മാസത്തിൽ കാലവർഷത്തിനു തൊട്ടുമുൻപ് റെയിൻഗാർഡ് ചെയ്യുന്നതാണ് ഉത്തമം**

മാസങ്ങളിലാണ് റെയിൻഗാർഡു ചെയ്യുന്നത്. പല ചെറുകിടകർഷകരും കാലവർഷത്തിനിടയ്ക്കോ അതു കഴിഞ്ഞോ റെയിൻഗാർഡ് ചെയ്യാറുണ്ട്. ശരിയായ സമയത്തും രീതിയിലുമുള്ള റെയിൻ ഗാർഡിങ് കൊണ്ടേ ഉദ്ദേശിക്കുന്ന ഫലം ലഭിക്കു കയുള്ളൂ.

## റെയിൻഗാർഡു ചെയ്യുന്നവിധം

ഏപ്രിൽ/മെയ് മാസത്തിൽ കാലവർഷത്തിനു തൊട്ടുമുൻപ് റെയിൻഗാർഡു ചെയ്യുന്നതാണ് ഉത്തമം. പരമ്പരാഗത രീതി യിലുള്ള പ്ലാസ്റ്റിക്പാവാട റെയിൻഗാർഡ് കൂടാതെ ടാപ്പിങ്ഷേഡ്, കിസ്സാൻ റെയിൻഗാർഡ്, ഗാർഡിയൻ റെയിൻഗാർഡ്, ടാപ്പിങ്ഷീൽഡ് എന്നിവയും ഉപയോഗത്തിലുണ്ട്. ഇതിൽ ഏതെങ്കിലും ഒരു റെയിൻഗാർഡ്; ചൂടാക്കാതെ ഉപയോഗിക്കാവുന്ന ബിറ്റുമെൻ ചേർന്ന പശ, മരത്തിന്റെ പ്രായത്തിനനു സൃതമായ സ്റ്റേപ്ലർപിൻ, (ചെറിയ മരങ്ങൾക്ക് 10-ാം നമ്പറും, പ്രായം കൂടിയ മരങ്ങൾക്ക് 24/6 നമ്പറും), കോറത്തുണി/പോളിത്തീൻ നാട, തുടങ്ങി വയാണ് റയിൻഗാർഡു ചെയ്യാൻ ആവശ്യമായ വസ്തുക്കൾ.



റെയിൻഗാർഡു ചെയ്യാൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപെ ങ്കിലും പശ വാങ്ങണം. ഇത് ഒന്നുരണ്ടു മരത്തിൽ സാമ്പിൾ റെയിൻഗാർഡു പിടിപ്പിക്കാൻ ഉപയോഗിക്കുക. ഒരാഴ്ചക്കാലം ഈ മരങ്ങൾ നിരീക്ഷിക്കുക. പശതേച്ച ഭാഗത്തുനിന്ന് അമിത മായി പാലു പൊട്ടിയൊഴുകുക, പട്ട കേടാകുക എന്നീ ദോഷഫ ലങ്ങൾ ഉണ്ടോ എന്നു നോ ക്കുക. അങ്ങനെ സംഭവിക്കു ന്നില്ലെങ്കിൽ എല്ലാ മരങ്ങളിലും പശ ഉപയോഗിക്കാം.

റെയിൻഗാർഡു ചെയ്യാൻ ഉപയോഗിക്കുന്ന കോമ്പൗണ്ട്

**ശരാശരി വണ്ണമുള്ള (എ പാനൽ ടാപ്പിങ്) 300 മരങ്ങൾ 'പാവാട റെയിൻ ഗാർഡ്' (polythene rainguard) ചെയ്യാൻ വേണ്ട വസ്തുക്കൾ.**

| | | |
|---|---|---|
| 1. | എൽ.ഡി.പി.ഇ. പോളിത്തിൻ (അസ്സൽ, 300 ഗേജ് കനം, 45 സെ.മീ. വീതി) | — 12 കി.ഗ്രാം |
| 2. | ബിറ്റുമെൻ ചേർന്ന, ചൂടാക്കാതെ ഉപയോഗിക്കാവുന്ന റെയിൻ ഗാർഡ് കോമ്പൗണ്ട് | — 30 കി.ഗ്രാം |
| 3. | ഒരിഞ്ചുവീതിയും 400 ഗേജ് കനവുമുള്ള എൽ.ഡി.പി.ഇ. റിബ്ബൺ | — 200 ഗ്രാം |
| | അല്ലെങ്കിൽ | |
| | കോറത്തുണി നാട (ഒരിഞ്ചുവീതി) | — 6 മീറ്റർ |
| 4. | സ്റ്റേപ്ലർ പിൻ (നമ്പർ: 10 അഥവ 24/6) | — 2000 എണ്ണം (2 പെട്ടി) |

തീയിൽവച്ചു ചൂടാക്കരുത്. ചൂടാക്കിയാൽ കൂടുതൽ മരങ്ങൾക്ക് പുരട്ടാൻ പറ്റുമെങ്കിലും ചൂടുകൊണ്ട് പട്ടയ്ക്കു പല ദോഷങ്ങളും ഉണ്ടാവാനുള്ള സാദ്ധ്യതയുണ്ട്. അതു മാത്രമല്ല, പശയിൽ നിലനില്ക്കേണ്ട, ആവിയായി പോകാവുന്ന രാസവസ്തുക്കൾ നഷ്ടപ്പെടുകയും തന്മൂലം റെയിൻഗാർഡു ചെയ്ത് താമസിയാതെതന്നെ ചോർച്ചയുണ്ടാകുകയും ചെയ്യും. ആയതിനാൽ ആവശ്യമെങ്കിൽ മാത്രം പശയടങ്ങിയ ടിൻ വെയിലത്തു വയ്ക്കുകയോ ചൂടുള്ള അന്തരീക്ഷത്തിൽ വയ്ക്കുകയോ ചെയ്ത് അല്പം അയവാക്കാം. വില അല്പം കൂടുമെങ്കിലും അസ്സൽ എൽ. ഡി. പി. ഇ. പോളിത്തീൻ തന്നെ വാങ്ങാനും ശ്രദ്ധിക്കണം. ഇത്തരത്തിലുള്ള പോളിത്തീൻ ഒരു തയ്യൽ മെഷീന്റെ സഹായത്തോടെ തുല്യഅകലത്തിലുള്ള ചെറിയ ഞൊറിയിട്ട് തയ്ക്കുക. ഇങ്ങനെ തയ്ക്കുമ്പോൾ പ്ലാസ്റ്റിക്കിന്റെ അരികിൽനിന്നും ഒരു സെ.മീ. മാത്രം ഉള്ളിലേക്ക് മാറ്റി തയ്ക്കാൻ ശ്രദ്ധിക്കണം. ഒരു മീറ്റർ പോളീത്തീൻ ഞൊറിയിട്ടു കഴിയുമ്പോൾ, 60 സെ.മീ. ആയി ചുരുങ്ങണം. ഇങ്ങനെ ഞൊറിയിട്ടടിച്ച പോളിത്തീൻ ഉപയോഗിച്ച് റെയിൻഗാർഡു ചെയ്താൽ അത് മരത്തിൽനിന്നും കഥകളിവേഷം പോലെ വിടർന്നു നില്ക്കും.

**റെയിൻഗാർഡ് ചെയ്യാൻ ഉപയോഗിക്കുന്ന കോമ്പൗണ്ട് തീയിൽവച്ച് ചൂടാക്കരുത്**

## പാവാട റെയിൻഗാർഡ്

ആദ്യമായി, റെയിൻഗാർഡു ചെയ്യേണ്ട മരത്തിന്റെ വെട്ടുചാലിന് 10 സെ.മീ. മുകളിലായി, ചാലിനു സമാന്തരമായി 4 സെ.മീ. വീതിയിൽ മൊരിചുരണ്ടുക. മുൻകാനയിൽനിന്നും പിൻകാനയിൽനിന്നും 15 സെ.മീ. വീതം കടന്നു നിൽക്കത്തക്കവിധമാണ് ചുരണ്ടേണ്ടത്. പൊടി തുടച്ച ശേഷം ബിറ്റുമെൻപശ ഒരിഞ്ചു വീതിയിൽ കനം കുറച്ച്, ഒരേ കനത്തിൽ പരത്തി തേക്കുക. പശ





















തേച്ചതിന്റെ താഴത്തെ പകുതി മറയത്തക്കവിധം ഞൊറിയിട്ട പോളിത്തീൻ ഷീറ്റ് ഒട്ടിച്ച് രണ്ടറ്റത്തും മരത്തിനു യോജിച്ച സ്റ്റേപ്ലർ പിന്നടിച്ച് ഉറപ്പിക്കുക. അതിനുശേഷം കോറത്തുണി നാട/ പോളിത്തീൻനാട ഇതിലേതെങ്കിലും ഒന്ന് ഏറ്റവും പിന്നറ്റത്ത് ഉറപ്പിച്ചശേഷം, ഞൊറിയിട്ട ഭാഗത്തെ പോളിത്തീന്റെ ഉപരിതലം (മുറിപ്പാട്) മറയത്തക്കവിധം മുൻപോട്ടു വലിച്ചുവച്ച് മുറുക്കി മുന്നറ്റത്തും ഇടയ്ക്ക് മൂന്നു നാലു സ്ഥാനങ്ങളിലും പിന്നടിച്ച് ഉറപ്പിക്കണം. നാട വയ്ക്കുന്നത് മുകൾഭാഗത്തുള്ള പശ കാലിഞ്ചുവീതിയിൽ കാണാവുന്ന വിധമായിരിക്കണം. ഇങ്ങനെ പിടിപ്പിച്ച നാടയുടെ മുകൾഭാഗം മൂടത്തക്ക വിധം രണ്ടാംവട്ടം പശതേച്ചു പിടിപ്പിക്കുക. മരത്തിൽ പശതേച്ചശേഷം അതിലേക്ക് പോളിത്തീൻ ഞൊറിഞ്ഞു പിടിപ്പിക്കാറുമുണ്ട്. ഇത് റെയിൻഗാർഡിന്റെ കാര്യക്ഷമതയെ ബാധിക്കും.

## കിസ്സാൻ റെയിൻഗാർഡും ഗാർഡിയൻ റെയിൻഗാർഡും

ഇവയുടെ ആകൃതി ഷേഡിന്റെയും പോളിത്തീൻ പാവാടയുടെയും സങ്കര ഉത്പന്നത്തിന് തുല്യമാണ്. ഇവയ്ക്ക് ടാപ്പിങ് പട്ടയുടെ (വെട്ടുപട്ടയുടെ) ഭാഗത്ത് ശരാശരി 20 സെ.മീ. വീതിയും ചിരട്ടഭാഗത്ത് 40 സെ.മീ. വീതിയുമുണ്ട്. ഈ ആകൃതി ആയതിനാൽ കാറ്റോടുകൂടി മഴ പെയ്താലും വെട്ടുപട്ട നനയാറില്ല. കൂടാതെ ശരിയായ വായു സഞ്ചാരം ലഭിക്കാനും സഹായിക്കും.

നിർമ്മാണസമയത്തുതന്നെ ഞൊറി ഇടുന്നതിനാൽ ഇവ മരത്തിലേക്ക് നേരിട്ടുപിടിപ്പിക്കാം. 32, 36, 42 ഇഞ്ച് അളവുകളിലാണ് സാധാരണമായി ഇവ കമ്പോളത്തിൽ ലഭിക്കുന്നത്. പോളിത്തീൻ പാവാട പിടിപ്പിക്കുന്നതു പോലെ തന്നെയാണ് ഈയിനം റെയിൻഗാർഡും മരത്തിൽ പിടിപ്പിക്കുന്നത്.


250 ഗേജ് കനമുള്ള എച്ച്.എം.എച്ച്.ഡി.പി.ഇ. അസ്സൽ പോളിത്തീൻ ഉപയോഗിച്ചാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.

## ടാപ്പിങ്ഷേഡും ഷീൽഡും

പരമ്പരാഗത റെയിൻഗാർഡ് പിടിപ്പിക്കുന്നതിൽനിന്ന് വ്യത്യസ്തമായ രീതിയിലാണ് ഇത് മരത്തിൽ ഉറപ്പിക്കുന്നത്. ഇതിനായി പിൻകാനയിൽനിന്ന് 15 സെ.മീ. (6 ഇഞ്ച്) ഉയരത്തിൽ മരത്തിന്റെ ചുറ്റളവിൽ 2–3 ഇഞ്ചുവീതിയിൽ മൊരി ചുരണ്ടുക. ഇതിൽ 4 സെ.മീ. വീതിയിൽ പശ തേച്ചു പിടിപ്പിക്കുക. ഇതിലേക്ക് 4–5 ഇഞ്ച് വീതിയുള്ള ഞൊറിയിട്ട സാധാരണ പോളിത്തീൻ പിടിപ്പിക്കണം. ഇതിന് തൊട്ടു താഴെയായി ഷേഡ് പിടിപ്പിക്കാം. അല്ലെങ്കിൽ മൊരി ചുരണ്ടി പശതേച്ച ഭാഗത്തേക്ക് ഷേഡ് നേരിട്ടു പിടിപ്പിക്കുകയും ചെയ്യാം.

ബ്ലേഡ് ഉപയോഗിച്ച് ഷേഡിന്റെ ചിരട്ടമൂടി (ഹുഡ്) യുടെ വലത്തുഭാഗത്തേക്ക് മാറിയുള്ള ചാലിലൂടെ മുറിക്കുക. ചിരട്ടയുടെ മുകൾഭാഗത്ത് 'ഹുഡ്' വരത്തക്ക രീതിയിൽ വച്ച്, ഒരു പിന്നടിക്കുക. പിന്നീട് വെട്ടുചാലിന്റെ



വശത്തുകൂടി മരത്തിൽചുറ്റി നീളക്കൂടുതലുള്ള ഭാഗം ചിരട്ടമൂടിയുടെ മുകളിൽ വരുന്നവിധം വലിച്ചു മുറുക്കി പിന്നടിച്ചു ഉറപ്പിക്കുക. ഷേഡിന്റെ മുറിപ്പാട് മൂടത്തക്ക രീതിയിൽ കോറത്തുണിനാടയോ പോളിത്തീൻനാടയോ മരത്തിന്റെ ചുറ്റളവിൽ വലിച്ചുമുറുക്കി, ഇടയ്ക്ക് പിന്നടിച്ചു ഉറപ്പിക്കണം. നാടയുടെ മുകൾഭാഗം മുഴുവനായും മറയത്തക്കരീതിയിൽ രണ്ടാംവട്ടം നന്നായി പശതേയ്ക്കുക.

## ന്യൂനതകൾ

ടാപ്പിംഗ്ഷേഡിനും ഷീൽഡിനും പ്രകടമായ ചില ന്യൂനതകളുണ്ട്. മഴപെയ്യുമ്പോൾ കാറ്റടിച്ചാൽ ഇവ പിടിപ്പിച്ച മരങ്ങളുടെ വെട്ടുപട്ട നനയാനും ചിരട്ടയിൽ വെള്ളം വീഴാനും സാദ്ധ്യതയുണ്ട്. കൂടാതെ വെട്ടുചാൽ മരത്തിന്റെ താഴ്ന്നതലങ്ങളിലെത്തുമ്പോൾ (2-3 വർഷത്തെ ടാപ്പിങ്ങിനു ശേഷം) ഷേഡിന്റെ ആകൃതിയും മരത്തിൽ ഒട്ടിച്ചിരിക്കുന്നരീതിയും മൂലം ടാപ്പിങ് തൊഴിലാളിക്ക് വെട്ടുചാൽ കാണാൻ ബുദ്ധിമുട്ടാകും. ഇത്തരം തോട്ടങ്ങളിൽ 3-4 വർഷത്തെ ടാപ്പിങ്ങിനു ശേഷം, താഴേക്ക് പട്ടയുണ്ടെങ്കിലും, മറുവശത്തേക്ക് പട്ടമാറ്റി ടാപ്പു ചെയ്യേണ്ടിവരുന്നുണ്ട്.



**ഏറ്റവും ചെലവു കുറവ് പരമ്പരാഗത പോളിത്തീൻപാവാട റെയിൻഗാർഡിനും ഏറ്റവും കൂടുതൽ ഷേഡിനുമാണ്**

എച്ച്.എം.എച്ച്.ഡി.പിയും പി.വി.സിയും ചേർന്ന മിശ്രിതം ഉപയോഗിച്ചാണ് ഷേഡുകൾ നിർമ്മിച്ചിരിക്കുന്നത്. കട്ടിയുള്ള പ്ലാസ്റ്റിക്കുകൊണ്ട് നിർമ്മിച്ചിരിക്കുന്നതിനാൽ പുതുപ്പട്ടയിൽ നേരിട്ടു പിടിപ്പിച്ചാൽ ചോർച്ച ഉണ്ടാകാറുണ്ട്.

ഒരു വർഷം ഉപയോഗിച്ച ഷേഡ് സൂക്ഷിച്ച് പൊളിച്ചെടുത്താൽ 60 ശതമാനത്തോളം രണ്ടാം വർഷവും ഉപയോഗിക്കാം. ഏറ്റവും ചെലവുകുറവ് പരമ്പരാഗത പോളിത്തീൻപാവാട റെയിൻഗാർഡിനും ഏറ്റവും കൂടുതൽ ഷേഡിനുമാണ്.

ഒന്നിരാടം ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ ഒരു വർഷം ശരാശരി 25-40 ടാപ്പിംഗ് ദിവസങ്ങളെങ്കിലും അധികമായി റെയിൻഗാർഡുപയോഗംകൊണ്ട് ലഭിക്കും. മൂന്നുദിവസത്തിലൊരിക്കൽ, നാലു ദിവസത്തിലൊരിക്കൽ, ആഴ്ച യിലൊരിക്കൽ എന്നീ ഇടവേളകളിൽ ടാപ്പു ചെയ്യുമ്പോൾ ക്രമമായ ടാപ്പിങ്ങും നല്ല ഉത്പാദനവും ലഭിക്കാൻ റെയിൻഗാർഡിങ് അനിവാര്യമാണ്. കൂടാതെ എത്തഫോൺ പ്രയോഗിക്കുമ്പോൾ കാര്യക്ഷമമായി ഉത്പാദനം ലഭി ക്കുന്നതിന് മരങ്ങൾ റെയിൻഗാർഡു ചെയ്യണം.

## പട്ടചീയൽ

പട്ടചീയൽ (bark rot / black stripe) രോഗമാണ് സാധാരണമായി തെക്കു പടിഞ്ഞാറൻ കാലവർഷക്കാലത്ത് റബ്ബർ മരങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. ഫൈറ്റോഫ്ത്തോറ എന്ന കുമിളാണ് ഈ രോഗത്തിന് കാരണം. ഈർപ്പ മുള്ള കാലാവസ്ഥയിൽ റബ്ബർ മരത്തിലുണ്ടാകുന്ന മുറിവുകളിൽ കുമിൾരോ ഗബാധ ഉണ്ടാകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. വെട്ടുചാലിന് നേരെ മുകളിലുള്ള പുതുപ്പട്ടയിലാണ് രോഗലക്ഷണങ്ങൾ ആദ്യം പ്രത്യക്ഷപ്പെടു ന്നത്. പുതുപ്പട്ടയിൽ വെട്ടുചാലിന് സമാന്തരമായി നേരെ മുകളിൽ കറുത്ത പാടുകൾ പ്രത്യക്ഷപ്പെടുന്നു. ഈ ഭാഗത്ത് പുതുപ്പട്ട ചീഞ്ഞ് കറുത്തനിറ മാകുന്നു. ചീഞ്ഞ പട്ട ക്രമേണ ഉണങ്ങി തടിയോട് ഒട്ടിച്ചേരുന്നു. അതോടെ പട്ടയിൽ പാലുത്പാദനം തീരെ ഇല്ലാതാകും. കഠിനമായരോഗബാധയുണ്ടാ കുമ്പോൾ പുതുപ്പട്ടയിൽ ധാരാളം മുഴകളും കുഴികളുമുണ്ടായി ടാപ്പിങ് പ്രയാ സമുള്ളതായിത്തീരുന്നു.

ഇതു പുതുപ്പട്ടയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. തറനി രപ്പിനോട് അടുത്തുള്ള ടാപ്പിങ് പാനലുകളിലാണ് രോഗാക്രമണം കൂടുത ലായി ഉണ്ടാകുക.

ഏതിനം റെയിൻഗാർഡ് മരത്തിൽ പിടിപ്പിച്ചാലും മഴക്കാലത്ത് ടാപ്പു ചെയ്യുമ്പോൾ, പൂപ്പൽബാധ (കുമിൾരോഗം)ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

പട്ടചീയൽ തടയുന്നതിനായി മഴക്കാലത്തു ടാപ്പു ചെയ്യുന്ന മരങ്ങളുടെ വെട്ടുചാലും തൊട്ടു ചേർന്ന പട്ടയും കുമിൾനാശിനി ലായനി ഉപയോഗിച്ച് കഴുകണം

## നിയന്ത്രണം

പട്ടചീയൽ തടയുന്നതിനായി മഴക്കാലത്തു ടാപ്പു ചെയ്യുന്ന മരങ്ങളുടെ വെട്ടുചാലും തൊട്ടു ചേർന്ന പട്ടയും കുമിൾനാശിനിലായനി ഉപയോഗിച്ച് കഴുകണം. ഇതിനായി ഇൻഡോഫിൽ എം. 45 അഥവാ ഡൈതേൻ എം. 45 എന്ന കുമിൾനാശിനി അഞ്ചു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയാണ് ഉപയോഗിക്കേണ്ടത്. വളവും രാസവസ്തുക്കളും വില്ക്കുന്ന കടകളിലും റബ്ബർബോർഡു കമ്പനികളിലും ഈ കുമിൾനാശിനി ലഭ്യമാണ്. ബ്രഷുപയോഗിച്ച് വെട്ടുചാലിനു മുകളിൽ പുതുതായി വെട്ടിയിറങ്ങിയ ഭാഗത്ത് രണ്ടിഞ്ചു വീതിയിൽ കുമിൾനാശിനി ലായനി നന്നായി പുരട്ടിക്കൊടുത്താൽ മതി. അല്ലെങ്കിൽ ഒരു കമ്പിന്റെ അറ്റത്ത് തുണിക്കഷണം ചുറ്റിക്കെട്ടി ലായനിയിൽ മുക്കി പട്ട നന്നായി ഉരച്ചുകഴുകുക. ഒരു തവണ ഒരു ഹെക്ടറിൽ ഉപയോഗിക്കാൻ ഏഴു രൂപയിൽ താഴെ വിലയ്ക്കുള്ള കുമിൾനാശിനി മാത്രമേ വേണ്ടിവരികയുള്ളു. മഴക്കാലം കഴിയുന്നതുവരെ ആഴ്ചയിൽ ഒരിക്കൽ ഈ നടപടി ആവർത്തിക്കണം.

ഇൻഡോഫില്ലിനുപകരം ഫോസ്ജറ്റ് (ഫോസ്ഫറസ് ആസിഡ്) എന്ന കുമിൾനാശിനിയും ഉപയോഗിക്കാം. ഇത് ഒരു ലിറ്റർ വെള്ളത്തിൽ രണ്ടു മില്ലീലിറ്റർ എന്ന തോതിലാണ് ചേർക്കേണ്ടത്. 100 മരങ്ങൾ കഴുകാൻ ഒരു ലിറ്റർ ലായനിവേണ്ടിവരും.

പ്ലാസ്റ്റിക്പാവാട പിടിപ്പിച്ചിരിക്കുന്നതിൽ ചോർച്ചയുണ്ടാകുന്നുണ്ടോ എന്ന് ഇടയ്ക്കിടെ പരിശോധിക്കേണ്ടതാണ്. ഉണ്ടെങ്കിൽ കൂടുതൽ പശ തേച്ച് ചോർച്ച ഒഴിവാക്കണം.

കൃത്യമായ പട്ടസംരക്ഷണനടപടികൾ അനുവർത്തിച്ചാൽ റെയിൻഗാർഡിങ് തികച്ചും ലാഭകരമായ ഒരു നടപടിയായിരിക്കും എന്നതിൽ സംശയമില്ല.

## ചില തെറ്റിദ്ധാരണകൾ

റെയിൻഗാർഡു ചെയ്താൽ പട്ട മരയ്ക്കുമെന്ന് തെറ്റായ ഒരു ധാരണയുണ്ട്. മഴക്കാലത്ത് ടാപ്പുചെയ്യുമ്പോൾ പട്ടയിലുണ്ടാകുന്ന കുമിൾരോഗംമൂലം താൽക്കാലികമായി പാലൊഴുക്ക് തടസ്സപ്പെടുന്നതിനെ പട്ടമരപ്പായി തെറ്റിദ്ധരിക്കാറുണ്ട്. റെയിൻഗാർഡു ചെയ്താൽ ഉത്പാദനം കുറയില്ല. ഒരു വർഷത്തെ മൊത്തം ഉത്പാദനം, റെയിൻഗാർഡു ചെയ്ത തോട്ടങ്ങളിൽ, ചെയ്യാത്തവയേക്കാൾ കൂടുതലായിരിക്കും.

മഴക്കാലത്തിനുശേഷം റെയിൻഗാർഡ് പൊളിച്ചുമാറ്റി പശ ചുരണ്ടി ചിലർ ആ ഭാഗത്ത് ബോർഡോ കുഴമ്പ് പുരട്ടാറുണ്ട്. അങ്ങനെ ചെയ്യേണ്ട കാര്യമില്ല. ഇതൊരനാവശ്യച്ചെലവുമാത്രമാണ്. മഴക്കാലം കഴിഞ്ഞ് രണ്ടിഞ്ചു വീതിയിൽ പോളിത്തീൻ നിലനിർത്തി ബാക്കി മുറിച്ചെടുത്താൽ, ഇതിനു താഴെയായി അടുത്തവർഷം പിടിപ്പിക്കുന്ന റെയിൻഗാർഡിന്റെ ചോർച്ച നന്നേ കുറയ്ക്കാൻ സാധിക്കും. കാലപ്പഴക്കത്തിൽ മരത്തിൽനിന്ന് പശ താനേ പൊളിഞ്ഞു പോകുകയും ചെയ്യും. എന്നാൽ റെയിൻഗാർഡ് ഉയർത്തിവച്ച് ടാപ്പുചെയ്യുന്നതിനും മറ്റും അസൗകര്യം ഉണ്ടാക്കും എന്നതിനാൽ ഒന്നിൽകൂടുതൽ വർഷങ്ങളിലെ റെയിൻഗാർഡിന്റെ ഭാഗങ്ങൾ മതത്തിൽ നിലനിർത്തുന്നത് ആശാസ്യമല്ല.

---

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- റയിൻഗാർഡു ചെയ്യുന്നതിന് മുമ്പ് പശ ഒരു മരത്തിൽ പുരട്ടി നോക്കി നല്ലതെന്ന് ഉറപ്പായതിനുശേഷം മാത്രം വ്യാപകമായി റെയിൻഗാർഡിങ്ങിന് ഉപയോഗിക്കുക.
- കാലവർഷാരംഭത്തിനു മുമ്പായി റെയിൻഗാർഡു ചെയ്യുക
- മൊരി ചുരണ്ടുമ്പോൾ പാലു പൊടിയരുത്.
- ശരിയായ രീതിയിൽ റെയിൻഗാർഡ് പിടിപ്പിക്കുക.
- മരത്തിന്റെ വണ്ണത്തിന് അനുസൃതമായി പത്താം നമ്പറോ, 24/6 പിന്നോ ഉപയോഗിക്കുക.
- ഉപയോഗിക്കുന്ന പശ ചൂടാക്കാതിരിക്കുക.
- മഴക്കാലത്തിനുശേഷം പോളിത്തീൻ പറിച്ചെടുക്കുന്നതിനു പകരം, 2-3 ഇഞ്ച് നിലനിർത്തി മുറിച്ചെടുക്കുക.

# റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ

1. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
3/33 സി, II ഫ്ളോർ, പി.പി.കെ. ബിൽഡിങ്, മെയിൻറോഡ്,
മാർത്താണ്ഡം പി.ഒ., **കന്യാകുമാരി. 629 165**
**ഫോൺ: 04651-273949**

2. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
ടി.സി. 41/2490, തൈക്കാട് ഹൗസിന് എതിർവശം,
**തൈക്കാട്, തിരുവനന്തപുരം.695 014**
**ഫോൺ: 0471-2327652**

3. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
ശ്രീഭവൻ, XII / 438, സൂര്യ സിനിഹൗസിനു സമീപം,
**നെടുമങ്ങാട്. 695 541**
**ഫോൺ: 0472-2803270**

4. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
രാജാ ടവേഴ്സ്, കൃഷ്ണൻകോവിലിന് എതിർവശം,
തൊളിക്കോട് പി.ഒ., **പുനലൂർ. 691 333**
**ഫോൺ: 0475-2222616**

5. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
തരകൻസ് ബിൽഡിങ്, II ഫ്ളോർ,
പുലമൺ പി.ഒ., **കൊട്ടാരക്കര. 691 531**
**ഫോൺ: 0474-2452763**

6. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
II ഫ്ളോർ, എസ്.ജി. ബിൽഡിങ്,
**അടൂർ പി.ഒ. 691 523**
**ഫോൺ: 04734-224370**

7. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
ബിൽഡിങ് നമ്പർ PMC-XII / 155 (3), കോളജ് റോഡ്,
ഹെഡ് പോസ്റ്റ്ഓഫീസിനു സമീപം, **പത്തനംതിട്ട. 689 645**
**ഫോൺ: 0468-2222370**

8. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
മുനിസിപ്പൽ ബിൽഡിങ്, **ചങ്ങനാശ്ശേരി.686 101**
**ഫോൺ: 0481-2421532**

9. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
മണിമലയാർ ബിൽഡിങ്സ്, വടവാതൂർ പി.ഒ., **കോട്ടയം. 686 010**
**ഫോൺ: 0481-2573771**

10. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
കാഞ്ഞിരപ്പള്ളി.686 507
ഫോൺ: 04828-202261

11. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
8/330, ടി.ബി. റോഡ്, പാല.686 575
ഫോൺ: 04822-216707

12. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
പാറനാനി ആർക്കേഡ്, ഈരാറ്റുപേട്ട.686 121
ഫോൺ: 04822-272507

13. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
ഇടുക്കി റോഡ്, തൊടുപുഴ. 685 584
ഫോൺ: 04862-222310

14. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനു സമീപം,
മൂവാറ്റുപുഴ.686 661
ഫോൺ: 0485-2832387

15. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
II ഫ്ളോർ, ക്ലാസ്സിക് ടവേഴ്സ്, ജവഹർ തിയറ്ററിന് എതിർവശം,
മൂവാറ്റുപുഴ റോഡ്, കോതമംഗലം.686 691
ഫോൺ: 0485-2822055

16. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
II ഫ്ളോർ, അശ്വതി, ബിൽഡിങ് നമ്പർ 39/786 ബി., ഇയ്യാത്തു ജങ്ഷൻ,
ചിറ്റൂർ റോഡ്, എറണാകുളം.682 011
ഫോൺ: 0484-2380101

17. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
ബിൽഡിങ് നമ്പർ 27/222, കൃഷ്ണയ്യർ ലെയ്ൻ,
ദിവാൻ നാരായണമേനോൻ റോഡ്, ചെമ്പൂക്കാവ്, തൃശൂർ. 680 020
ഫോൺ: 0487-2337991

18. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
ശോഭാ ടി എസ് എം കോംപ്ലക്സ്, II ഫ്ളോർ,
റയിൽവേസ്റ്റേഷൻ റോഡ്, പാലക്കാട്.678 001
ഫോൺ: 0491-2522802

19. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
ജാസ് ടവേഴ്സ്, കോടതിപ്പടി, മണ്ണാർക്കാട്. 678 582
ഫോൺ: 04924-223087

20. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
പയനിയർ കോംപ്ലക്സ്, ജ്യോതി ജങ്ഷൻ, **നിലമ്പൂർ** 679 329
**ഫോൺ: 04931-220290**

21. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
പുളിക്കൽ ടവേഴ്സ്, കോർട്ട് റോഡ്, പി.ബി. നമ്പർ 37, **മഞ്ചേരി.**676 121
**ഫോൺ: 0483-2767026**

22. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
മെരിഡിയൻ മാൻഷൻ, മനോരമയ്ക്ക് സമീപം, പി.ബി. നമ്പർ 139,
വയനാട് റോഡ്, **കോഴിക്കോട്.** 673 001
**ഫോൺ: 0495-2768006**

23. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
സാമ സെന്റർ, മലബാർ ഹോസ്പിറ്റലിന് എതിർവശം,
ജൂബിലി റോഡ്, **തലശ്ശേരി.**670 101
**ഫോൺ: 0490-2321420**

24. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
കോട്ടൂർ, **ശ്രീകണ്ഠാപുരം.**670 631
**ഫോൺ: 0460-2230700**

25. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
മറീന ഷോപ്പിങ് കോംപ്ലക്സ്, നാഷണൽ ഹൈവേ, **തളിപ്പറമ്പ്.** 670 141
**ഫോൺ: 0460-2203037**

26. റബ്ബർബോർഡ് റീജിയണൽ ഓഫീസ്, **കാഞ്ഞങ്ങാട്.** 671 315
**ഫോൺ: 0467-2203114**

27. റബ്ബർബോർഡ് റീജിയണൽ ഓഫീസ്,
II ഫ്ളോർ, കുമുദവതി ബിൽഡിങ്, ബൽമട്ട, **മംഗലാപുരം.** 575 001
**ഫോൺ: 0824-2429229**

28. റബ്ബർബോർഡ് റീജിയണൽ ഓഫീസ്, എ.വി.എൻ. ബിൽഡിങ്,
പൂർണിമ തിയറ്ററിന് എതിർവശം, **കുന്ദാപുര.** 576 201
**ഫോൺ: 08254-231269**

## റബ്ബർബോർഡിന്റെ ടാപ്പിങ്ങ്പരിശീലനകേന്ദ്രങ്ങൾ

| | ടാപ്പിങ് പരിശീലന കേന്ദ്രത്തിന്റെ പേര് | | ബന്ധപ്പെട്ട റബ്ബർബോർഡ് റീജിയണൽ ആഫീസ് |
|---|---|---|---|
| 1. | ആറുകാണി | – | മാർത്താണ്ഡം |
| 2. | പത്തനാപുരം | – | പുനലൂർ |
| 3. | ഇടത്തിട്ട | – | അടൂർ |
| 4. | നെടിയകാലാ | – | പത്തനംതിട്ട |
| 5. | ഇളപ്പാനി | – | കോട്ടയം |
| 6. | കൊന്നത്തടി | – | തൊടുപുഴ |
| 7. | പേപ്പതി | – | എറണാകുളം |
| 8. | മേക്കടമ്പ് | – | മൂവാറ്റുപുഴ |
| 9. | വണ്ടൂർ | – | നിലമ്പൂർ |
| 10. | ഉള്ള്യേരി | – | കോഴിക്കോട് |
| 11. | തില്ലങ്കേരി | – | തലശ്ശേരി |
| 12. | പ്രാപ്രൊയിൽ | – | തളിപ്പറമ്പ് |
| 13. | വട്ടംതട്ട | – | കാഞ്ഞങ്ങാട് |
| 14. | കൊനാലു | – | മംഗലാപുരം |
| 15. | ജൂറി | – | ധർമ്മനഗർ |
| 16. | അംതാലി | – | അഗർതല |
| 17. | സാരുതാറി | – | ഗുവാഹതി |
| 18. | ബസർഗട്ട് | – | സിൽച്ചർ |

# റബ്ബർ

റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്ന മാസിക

## റബ്ബർകർഷകർക്ക് ഒരു സമ്പൂർണ്ണപ്രസിദ്ധീകരണം.

- ശാസ്ത്രീയറബ്ബർകൃഷിയുടെ വിവിധവശങ്ങൾ വിവരിക്കുന്ന സചിത്രലേഖനങ്ങൾ
- ഓരോമാസവും റബ്ബർതോട്ടത്തിൽ നിർവ്വഹിക്കേണ്ട കൃഷിപ്പണികൾ
- റബ്ബർബോർഡിന്റെ സുപ്രധാന വിജ്ഞാപനങ്ങൾ
- അനുകരണീയരായ റബ്ബർകർഷകരുടെയും റബ്ബറുത്പാദക സംഘങ്ങളുടെയും വിജയകഥകൾ

വാർഷികവരിസംഖ്യ: **50** രൂപ
ആയുഷ്കാലവരിസംഖ്യ: **400** രൂപ

*കൂടുതൽ വിവരങ്ങൾക്ക്*

ഡപ്യൂട്ടി ഡയറക്ടർ,
(പബ്ളിസിറ്റി & പബ്ളിക് റിലേഷൻസ്)
റബ്ബർബോർഡ്, കോട്ടയം - 686 002.

ഫോൺ: 0481-230123

PH30


റബ്ബർബോർഡ്

(വാണിജ്യ വ്യവസായ മന്ത്രാലയം, ഭാരതസർക്കാർ)

കോട്ടയം

പ്രസാധനം

ഡെപ്യൂട്ടി ഡയറക്ടർ,

പബ്ലിസിറ്റി & പബ്ലിക് റിലേഷൻസ് വിഭാഗം,

റബ്ബർബോർഡ്, കോട്ടയം -686 002

ഫോൺ: 0481-2301231

ഇ-മെയിൽ: ppr@rubberboard.org.in

കോപ്പികൾ 10,000 ജനുവരി 2009

അച്ചടി: ഡി.സി. പ്രസ്സ്, കോട്ടയം